**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 183 | 14.07.2016- ൽ മറുപടിക്ക്

## സുരക്ഷ നിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.ഡി.സതീശൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്കുള്ള സുരക്ഷയ്ക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്<br>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുക, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും, ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക, നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ |
| (സി) | എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ? | (സി) | റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തി, ഈ മേഖലയിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ രംഗത്ത് സഹകരണ മേഖലയിലുണ്ടായ വളർച്ച സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2259 സംഘങ്ങളെ/ബാങ്കുകളെ സഹകരണ സംഘം രജിസ്ട്രാർ പ്രസ്തുത സ്കീമിൽ നോട്ടിഫൈ ചെയ്യുകയും, 30.05.2016 വരെ പ്രീമിയം ഇനത്തിൽ ആകെ 76.58 കോടി രൂപ കോർപ്പസ് ഫണ്ടിലേക്ക് സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ